# പതിനാലാം കേരള നിയമസഭ
# പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2503

12.03.2020-ലെ മറുപടി

**മാവൂർ പഞ്ചായത്തിലെ താത്തൂർപോയിൽ കുടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | കെ. കൃഷ്ണൻ കുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മാവൂർ ഗ്രാമപഞ്ചായത്തിലെ താത്തൂർ പോയിൽ ജലവിഭവ വകുപ്പിന്റെ കൈവശത്തിലുള്ളതും ഉപയോഗ ശൂന്യമായിക്കിടക്കുന്നതുമായ കുടിവെള്ള പദ്ധതി മൈനർ ഇറിഗേഷന് ഏൽപ്പിച്ചുകൊടുക്കുന്നത് സംബന്ധിച്ച് ഡബ്ല്യൂ.എസ്-ബി3/264/2019-ഡബ്ല്യൂ.ആർ.ഡി ഫയലിന്മേൽ കെ.ഡബ്ല്യൂ.എ. എം.ഡി.-യോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; ആയത് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; | (എ) | 04/09/2019 ലെ ഡബ്ല്യൂ.എസ്-ബി3/264/2019-ഡബ്ല്യൂ.ആർ.ഡി നമ്പർ കത്ത് പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നതിനിടയാക്കിയ കാരണം വിശദമാക്കാമോ? | (ബി) | മാവൂർ ഗ്രാമപഞ്ചായത്തിലെ താത്തൂർപോയിൽ ഉപയോഗ ശൂന്യമായിക്കിടക്കുന്ന കുടിവെള്ള പദ്ധതി മൈനർ ഇറിഗേഷനു കൈമാറുന്നത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി ഉത്തരമേഖലാ ചീഫ് എഞ്ചിനീയർ 29/10/2019-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ തീരുമാനം എടുക്കുന്നതിലേക്കായി കേരള വാട്ടർ അതോറിറ്റിയുടെ അടുത്ത ബോർഡ് യോഗത്തിൽ അംഗീകാരത്തിനു വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്കുള്ള തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ